● പഠനം

● ബശീറുദ്ദീൻ തൃഷ്ണച്ചി




# കേരള സ്വാതന്ത്ര്യസമരം അഥവാ കേരളമുസ്‌ലിം അധിനിവേശവിരുദ്ധചരിത്രം

■

**സന്ധിയുടെയും മുട്ടുമടക്കലിന്റെയും ഭാഷ മുസ്‌ലിം സമുദായത്തിനറിയില്ലായിരുന്നു. സാമ്രാജ്യത്വ ശക്തികൾക്കെതിരെ അടർക്കളത്തിലേക്ക് കുതിച്ച അവരിലധികപേരും തിരിച്ച് വന്നില്ല. എങ്കിലും ആ സമൂഹം മുന്നോട്ട് തന്നെ നീങ്ങി. അവസാന ശ്വാസം വരെ ഒരു നാടിന്റെ അഭിമാനബോധത്തെ അവർ നെഞ്ചിലേറ്റി. നവാധിനിവേശത്തിനെതിരായ അനിവാര്യമായ സംഘടിത ചെറുത്ത് നിൽപ് വ്യാപകമായി ചർച്ചചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ ആ വീരസമര ചരിത്രങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടം ഏറെ പ്രസക്തമാണ്.**

ഒരു ദേശത്തിന്റെ അധിനിവേശ വിരുദ്ധ ചരിത്രം ഒരു മതസൂഹത്തിന്റെ കൂടി ചരിത്രമായി മാറിയ അപൂർവ ചരിത്രമാണിത്. സർവ്വായുധ വിഭൂഷിതരായി കടൽ കടന്നെത്തിയ സാമ്രാജ്യത്വ ശക്തിക്ക് മുമ്പിൽ ഒരു ദേശം പകച്ച് നിന്നപ്പോൾ ഒരു മതസമൂഹം ജീവനും സ്വത്തും നൽകി ചെറുത്ത് നിന്ന ഐതിഹാസിക ചരിത്രം. ഇതര സമൂഹങ്ങൾ പോരാട്ടത്തിൽ പങ്കാളിയാകാൻ മുന്നോട്ട് വന്നപ്പോൾ ഈ സമുദായം അവരെ മുമ്പിൽ നിന്നു നയിച്ചു. പലരും പലതിനുവേണ്ടിയും പലപ്പോഴായി പോരാട്ടത്തിൽ നിന്ന് പിന്മാറിയപ്പോഴും അവർ പിൻതിരിഞ്ഞില്ല. പോർക്കളത്തിൽ പലപ്പോഴും അവർ തനിച്ചായിരുന്നു. ഇന്നലെവരെ തോളോട് തോൾചേർന്ന് നിന്നവരിൽ പലരും ആനുകൂല്യങ്ങളിൽ പങ്ക് പറ്റുന്നത് അവർ കാണു




ന്നുണ്ടായിരുന്നു. അവർ നിരക്ഷരായിരുന്നു. വിവരവും വിദ്യാഭ്യാസവും തീരെ കുറവായിരുന്നു. അതിനാൽ തന്നെ സന്ധിയുടെയും മുട്ടുമടക്കലിന്റെയും ഭാഷ അവർക്കറിയില്ലായിരുന്നു. അടർക്കളത്തിലേക്ക് കുതിച്ച അവരില ധികം പേരും തിരിച്ച് വന്നില്ല. എങ്കിലും ആ സമൂഹം മുന്നോട്ട് തന്നെ നീങ്ങി. അവസാന ശ്വാസം വരെ ഒരു നാടിന്റെ അഭിമാനബോധത്തെ അവർ നെഞ്ചിലേറ്റി. നവാധിനിവേശത്തിനെതിരായ അനിവാര്യമായ സംഘടിത ചെറുത്ത് നിൽപ്പ് വ്യാപകമായി ചർച്ചചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ ആ വീര സമരചരിത്രങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടം ഏറെ പ്രസക്തമാണ്.

**അധിനിവേശത്തിന്റെ തുടക്കം**

യൂറോപ്യൻ അധിനിവേശ ചരിത്രം രേഖപ്പെടുത്തിയ പലരും വിസ്മരിച്ച ഒന്നാണ് എഡി 1075 മുതൽ 1270 വരെ നടന്ന എട്ട് കുരിശു യുദ്ധങ്ങൾ. ഇസ്‌ലാം-ക്രിസ്ത്യൻ മതയുദ്ധങ്ങളുടെ പട്ടികയിലാണ് ചരിത്ര പുസ്തകത്തിൽ പലരും ഇതിന് ഇടം നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഫലഭൂയിഷ്ഠ ഭൂമിക്കും ലാഭക്കച്ചവടത്തിനും വേണ്ടി പാശ്ചാത്യരാജ്യങ്ങൾ പൗരസ്ത്യ രാജ്യങ്ങളെ കീഴടക്കാൻ ശ്രമിച്ചതിന്റെ പ്രാരംഭ സംരംഭങ്ങളായിരുന്നു കുരിശുയുദ്ധങ്ങൾ. ലോകം വെട്ടിപ്പിടിക്കാനുള്ള തങ്ങളുടെ ഉദ്യമത്തിന് പ്രധാന തടസ്സം ഇസ്‌ലാമും മുസ്‌ലിം രാജ്യങ്ങളുമാണെന്ന് തിരിച്ചറിഞ്ഞ യൂറോപ്പ് ക്രിസ്തുമതത്തെ സമർത്ഥമായി അധിനിവേശത്തിന് ഉപയോഗിക്കുകയായിരുന്നു. തങ്ങളുടെ ലക്ഷ്യത്തിന് ആളും അർഥവും ലഭിക്കുവാൻ മതത്തെയും കൂട്ടുപിടിക്കേണ്ടിയിരുന്നു. നൂറ്റാണ്ടുകളോളം തുടർന്ന ഈ കുരിശുയുദ്ധങ്ങളുടെ മറ്റൊരു പതിപ്പായിരുന്നു 1492 ൽ ക്രിസ്റ്റഫർ കൊളംബസ് ഉദ്ഘാടനം നിർവ്വഹിച്ച അധിനിവേശ യാത്രകൾ.

യൂറോപ്പിൽ നുരഞ്ഞ് പതയുന്ന കുരിശുയുദ്ധമനസ്ഥിതിയും പേറിയാണ് 1498-ൽ വാസ്കോഡഗാമയുടെ കപ്പൽ കാപ്പാട് തീരത്തണഞ്ഞത്. ഏഷ്യനാഫ്രിക്കൻ സമുദ്ര മേഖലയിലെ അറബ് മുസ്‌ലിം വ്യാപാര മേൽക്കോയ്മ അവസാനിപ്പിച്ച് തങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള വഴി സുഗമമാക്കുകയായിരുന്നു ഗാമയുടെ ആഗമന ലക്ഷ്യം.

കേരളത്തിന്റെ വിപണിയും വിഭവങ്ങളും പിടിച്ചടക്കാനുള്ള അധിനിവേശലക്ഷ്യത്തിന് മുസ്‌ലിം ചെറുത്ത് നിൽപ്പ് തടസ്സമായപ്പോൾ അതിനെതിരെയുള്ള തങ്ങളുടെ പ്രത്യാക്രമണങ്ങൾക്ക് പോർച്ച് ഗീസുകാർ പേരിട്ട് വിളിച്ചത് എട്ടാം കുരിശ് യുദ്ധം എന്നായിരുന്നു.(1)

**കേരളവും അറബികളും**

കേരളത്തിനും അറബ് രാജ്യങ്ങൾക്കുമിടയിലുള്ള വ്യാപാര ബന്ധത്തിന് സഹസ്രാബ്ദങ്ങളോളം പഴക്കമുണ്ട്. ഇസ്‌ലാം കേരളത്തിൽ വ്യാപിച്ചതോടെ ഈ ബന്ധം ദൃഢമായി. അറബ് വ്യാപാരികൾക്ക് രാഷ്ട്രീയ ലക്ഷ്യങ്ങളൊന്നുമില്ലാത്തതിനാൽ ഭരണാധികാരികളായ സാമൂതിരിമാർ അവർക്കിവിടെ എല്ലാ സൗകര്യങ്ങളും നൽകി ആദരിച്ചു. അറബ് നാടുകളുമായുള്ള കച്ചവട ബന്ധം കേരളത്തിന്റെ അന്നത്തെ സാമ്പത്തിക ഘടനയുടെ നിലനിൽപുമായി ബന്ധപ്പെട്ടതായിരുന്നു.

പതിനൊന്നാം നൂറ്റാണ്ട് മുതൽ തന്നെ കോഴിക്കോട് പ്രമുഖ കച്ചവട കേന്ദ്രമായിരുന്നു. കുരുമുളകും ഇഞ്ചിയും കറുവാപ്പട്ടയും മറ്റും സമൃദ്ധമായുള്ള കുലീന പട്ടണമായിരുന്നു കോഴിക്കോട്. ഇവിടെ നിന്നും അറബി കച്ചവടക്കാർ ബൈറൂത്തിലും അലക്സാൻഡ്രിയയിലും എത്തിക്കുന്ന കേരളീയ വിഭവങ്ങളാണ് അതുവഴി യൂറോപ്പിൽ എത്തിയിരുന്നത്. ഈ കേരളീയ വിഭവങ്ങളുടെ വേര് തേടിയാണ് ഗാമ കോഴിക്കോട് വന്നത്.

കേരള വിഭവങ്ങളുടെ വ്യാപാര കുത്തക പോർച്ചുഗലിന് തീറെഴുതി കൊടുക്കാനുള്ള മാനുവൽ രാജാവിന്റെ അറബിയിലെഴുതിയ കത്ത് ഗാമ സാമൂതിരിക്ക് കൈമാറി. മുസ്‌ലിം അറബ് കച്ചവടക്കാരുമായി സൗഹൃദപൂർവ്വമായ ദീർഘകാല വ്യാപാര ബന്ധമുള്ള സാമൂതിരി സ്നേഹബുദ്ധ്യാ കത്തിലെ ആവശ്യം നിരസിച്ചു. എങ്കിലും ഗാമയെ മാന്യമായി സ്വീകരിച്ച് അയാളുടെ പക്കലുള്ള ചരക്കുകൾ വിറ്റഴിക്കാനും വിപണിയിൽ നിന്ന് ആവശ്യമായ വിഭവങ്ങൾ വാങ്ങാനും സാമൂതിരി സൗകര്യം ചെയ്തുകൊടുത്തു. തന്റെ സാമ്രാജ്യത്വ ഹിഡൻ അജണ്ടക്ക് തടസ്സം മുസ്‌ലിം കച്ചവട സാന്നിധ്യമാണെന്ന് മനസ്സിലാക്കിയ ഗാമ ശക്തമായ തിരിച്ചുവരവിന് പദ്ധതികൾ ആസൂത്രണം ചെയ്ത് 1498 ഓഗസ്റ്റ് 29 ന് കോഴിക്കോട് നിന്ന് മടങ്ങി.

**പോർച്ചുഗീസ് ആക്രമണത്തിന്റെ തുടക്കം**

ഗാമ മടങ്ങി അധികം കഴിയും മുമ്പ് എ.ഡി 1500ൽ കബ്രാളിന്റെ നേതൃത്വത്തിൽ മറ്റൊരു പോർച്ചുഗീസ് കപ്പൽവ്യൂഹം കോഴിക്കോട്ടെത്തി. അന്നത്തെ അത്യാധു

നികായുധമായ പീരങ്കിപ്പടയുമായിട്ടായിരുന്നു കബ്രാളിന്റെ വരവ്. കണ്ണിൽ കണ്ട സകല തീരങ്ങളും കൊള്ളയടിച്ച് നശിപ്പിച്ച് അധിനിവേശ സംഘം കോഴിക്കോട്ടെത്തി. കേരള തീരത്ത് നിന്ന് മുസ്‌ലിംകളെ പുറത്താക്കാനും വ്യാപര കുത്തക പോർച്ചുഗീസിന് പതിച്ച് നൽകാനും ധിക്കാര സ്വരത്തിൽ കബ്രാൾ സാമൂതിരിയോട് ആവശ്യപ്പെട്ടു. നിർദ്ദേശം നിരാകരിച്ച സാമൂതിരി ആവശ്യമുള്ള വിഭവങ്ങൾ വിപണിയിൽ നിന്ന് വിലയ്ക്ക് വാങ്ങാൻ പോർച്ചുഗീസുകാർക്ക് അനുവാദം നൽകി.

താൻ നിശ്ചയിച്ച വിലയ്ക്ക് ചരക്കുകൾ വിൽക്കുവാൻ വ്യാപാരികൾ വിസമ്മതിച്ചതിനാൽ കോഴിക്കോട് തുറമുഖത്തെ കപ്പലുകൾ കബ്രാൾ കൊള്ളയടിച്ചു. അതായിരുന്നു കേരളത്തിലെ ആദ്യത്തെ കടൽക്കൊള്ള. തുടർന്ന് നടന്ന ലഹളയിൽ എഴുപതോളം പോർച്ചുഗീസുകാർ കൊല്ലപ്പെട്ടു. അപ്രതീക്ഷിതമായി ലഭിച്ച തിരിച്ചടിയിൽ കബ്രാൾ ക്രൂദ്ധനായി. സാമൂതിരിയുടെ കണ്ണിൽ കണ്ട കപ്പലുകളെല്ലാം തീവെച്ച് നശിപ്പിച്ചു. കോഴിക്കോടിനെ പീരങ്കി ഉപയോഗിച്ച് ആക്രമിച്ചു. അറുനൂറിലധികം പേർ മരിക്കുകയും നിരവധി വീടുകൾ തരിപ്പണമാവുകയും ചെയ്തു.

മുസ്‌ലിം വ്യാപാരികളുടെ നേതൃത്വത്തിൽ സാമൂതിരിയുടെ നാവികസേന പോർച്ചുഗീസുകാരെ പിൻതുടർന്നെങ്കിലും കൊച്ചി രാജാവുമായി സംഖ്യമുണ്ടാക്കിയ ശേഷം ധൃതിയിൽ കബ്രാൾ കേരളതീരം വിട്ടു. സംഘർഷഭരിതമായ കടപ്പുറം വീണ്ടും ശാന്തിയുടെ പുലരിയിലേക്കുണർന്നു തുടങ്ങി. സമുദ്രത്തിൽ കച്ചവടക്കപ്പലുകൾ സജീവത പ്രാപിക്കെ 1502-ൽ ഗാമ വൻ കപ്പൽപ്പടയുമായി വീണ്ടും കോഴിക്കോട്ടെത്തി. ഇന്ത്യ കീഴടക്കാനുള്ള പോർച്ചുഗൽ രാജാവിന്റെ അനുമതിപത്രം ഉയർത്തിപ്പിടിച്ചായിരുന്നു ഗാമയുടെ രണ്ടാംവരവ്. സന്ധിയും ചർച്ചയും അയാൾ ആഗ്രഹിച്ചില്ല. വന്ന ദിവസം മുതൽ കടലിലും കരയിലും നിരന്തരം ആക്രമണങ്ങൾ അഴിച്ചുവിട്ടു. അറബ് കച്ചവടക്കപ്പലുകളെയും മുസ്‌ലിം തീരപ്രദേശങ്ങളെയും തെരഞ്ഞ് പിടിച്ച് നശിപ്പിക്കാൻ ഗാമ ഉത്തരവിട്ടു.

സാമൂതിരിയുമായി പിണക്കത്തിലായിരുന്ന കൊച്ചി രാജാവ് ഗാമക്ക് ഫാക്ടറി സ്ഥാപിക്കാനും സൈനിക താവളം തുറക്കാനും അനുമതി നൽകി. തുടർന്ന് കൊച്ചി കേന്ദ്രീകരിച്ച് കോഴിക്കോട്-പൊന്നാനി തീരങ്ങളിൽ ഗാമ ആക്രമണം പതിവാക്കി. കടൽ മുഴുവൻ പോർച്ചുഗീസുകാരുടെ വകയാണെന്നും അവരുടെ അനുമതിപത്രം വാങ്ങാതെ ഒരു കപ്പലും കടലിൽ സഞ്ചരിക്കരുതെന്നും ഗാമ വിളംബരം ചെയ്തു. നിർദ്ദേശം ലംഘിച്ച കപ്പലുകളെല്ലാം അയാൾ കൊള്ളയടിച്ചു. തന്റെ സൈനിക ശക്തിയിൽ അഹങ്കരിച്ച ഗാമ പീരങ്കിപ്പടയെ മുന്നിൽ നിർത്തി കേരളതീരങ്ങളിൽ ക്രൂരതയുടെ പുതിയൊരു അധ്യായം എഴുതിച്ചേർത്തു. അന്നത്തെ അവസ്ഥയെ അക്ഷരങ്ങൾക്ക് സാധ്യമായ രീതിയിൽ ശൈഖ് സൈനുദ്ദീൻ മഖ്ദൂം വിവരിക്കുന്നു: 'അവർ മുസ്‌ലിംകളുടെ സ്വത്തുക്കൾ കൊള്ളചെയ്തു. അവരുടെ പള്ളികളും പട്ടണങ്ങളും തീവെച്ച് നശിപ്പിച്ചു. കപ്പലുകൾ പിടിച്ചെടുത്തു. ഖുർആനും മറ്റ് വിശുദ്ധ ഗ്രന്ഥങ്ങളും ചവിട്ടിമെതിക്കുകയും തീവെയ്ക്കുകയും ചെയ്തു. ഹാജിമാരെ കൊല്ലുകയും മറ്റ് മുസ്‌ലിംകളെ പീഡനത്തിനിരയാക്കുകയും നബിയെ അവഹേളിക്കുകയും ചെയ്തു. ചിലരുടെ ശരീരത്തിൽ തീവെച്ച് പീഡിപ്പിച്ചു. ചിലരെ അടിമകളാക്കി വിറ്റു. ഉന്നത കുടുംബങ്ങളിൽ പെട്ട എത്രയെത്ര മുസ്‌ലിം സ്ത്രീകളെ പിടിച്ചുകൊണ്ടുപോയി മാനഭംഗപ്പെടുത്തി. അവരിൽ ജനിക്കുന്ന കുട്ടികളെ ക്രിസ്ത്യാനികളാക്കി... എത്രയോ സയ്യിദന്മാരെയും പണ്ഡിതന്മാരെയും കുലീനരെയും പിടിച്ച് ദേഹോപദ്രവം ചെയ്തു കൊന്നു. എത്രയോ ഹീനവും ക്രൂരവുമായ കൃത്യങ്ങൾ അവർ ചെയ്തു. അതുവിവരിക്കാൻ നാവു പൊങ്ങില്ല; പറയാൻ വെറുപ്പുള്ള സംഗതിയാണവയെല്ലാം'(2)

**കബ്രാളിന്റെ കോഴിക്കോട് ആക്രമണം തൊട്ടെ സാമൂതിരിയുടെ നാവികസേന ചെറുത്ത് നിൽപ്പിന് ശ്രമമാരംഭിച്ചിരുന്നു. മുസ്‌ലിം കച്ചവടക്കാരുടെ പിൻബലത്തോടെ സാമൂതിരി പ്രതിരോധം ശക്തമാക്കുകയും ചെയ്തു. ലോകത്തിലെ അന്നത്തെ വൻനാവിക ശക്തിക്ക് മുമ്പിൽ അതെല്ലാം നിസ്സാരമായി പോവുകയായിരുന്നു. ഇതിനിടയിൽ ഈജിപ്തിന്റെയും തുർക്കിയുടെയും സഹായ സൈന്യത്തിന്റെ കരുത്തിൽ സാമൂതിരിക്ക് ചെറുവിജയങ്ങൾ ലഭിക്കുകയുണ്ടായി. ഒന്നിനു പിറകെ മറ്റൊന്നായി എത്തിക്കൊണ്ടിരുന്ന പോർച്ചുഗീസ് സൈനിക വ്യൂഹങ്ങൾക്ക് മുമ്പിൽ അതെല്ലാം താൽക്കാലിക നേട്ടങ്ങൾ മാത്രമായി ചുരുങ്ങി.**

### പോരാട്ടത്തിന്റെ തുടക്കം

കബ്രാളിന്റെ കോഴിക്കോട് ആക്രമണം തൊട്ടെ സാമൂതിരിയുടെ നാവികസേന ചെറുത്ത് നിൽപ്പിന് ശ്രമമാരംഭിച്ചിരുന്നു. മുസ്‌ലിം കച്ചവടക്കാരുടെ പിൻബലത്തോടെ സാമൂതിരി പ്രതിരോധം ശക്തമാക്കുകയും ചെയ്തു. ലോകത്തിലെ അന്നത്തെ വൻനാവിക ശക്തിക്ക് മുമ്പിൽ അതെല്ലാം നിസ്സാരമായി പോവുകയായിരുന്നു. ഇതിനിടയിൽ ഈജിപ്തിന്റെയും തുർക്കിയുടെയും സഹായ സൈന്യത്തിന്റെ കരുത്തിൽ സാമൂതിരിക്ക് ചെറുവിജയങ്ങൾ ലഭിക്കുകയുണ്ടായി. ഒന്നിനു പിറകെ മറ്റൊ

ന്നായി എത്തിക്കൊണ്ടിരുന്ന പോർച്ചുഗീസ് സൈനിക വ്യൂഹങ്ങൾക്ക് മുമ്പിൽ അതെല്ലാം താൽക്കാലിക നേട്ടങ്ങൾ മാത്രമായി ചുരുങ്ങി.

വർധിച്ച കടൽകൊള്ളമൂലം നഷ്ടം താങ്ങാനാവാതെ 1520 കളോടെ അറബി വ്യാപാരികളെല്ലാം കേരളം വിട്ടു. അതോടെ തീരദേശത്ത് തദ്ദേശീയ മുസ്‌ലിംകൾ മാത്രം ബാക്കിയായി. അവശേഷിക്കുന്ന മുസ്‌ലിം സമൂഹത്തിന്റെ വംശീയ ഉന്മൂലനം ലക്ഷ്യം വെച്ച് പോർച്ചുഗീസുകാർ ആക്രമണത്തിന് മൂർച്ചകൂട്ടി. മുസ്‌ലിംകളോടൊപ്പം പ്രതിരോധത്തിന് മുതിർന്ന സാമൂതിരിയുടെ സൈന്യത്തിന് കനത്ത ആൾനാശം നേരിട്ടു. ശക്തനായ ശത്രുവിനെതിരെയുള്ള അദ്ദേഹത്തിന്റെ നിലപാടിൽ മാറ്റം വരാൻ അത് കാരണമായി. കൊട്ടാരത്തിനുള്ളിൽ ചിലരെ സ്വാധീനിക്കാൻ പോർച്ചുഗീസുകാർക്ക് സാധിച്ചതോടെ സാമൂതിരിയുടെ മേൽ സന്ധിക്ക് സമ്മർദ്ധമേറി. ഒടുവിൽ സാമൂതിരി പോർച്ചുഗീസുകാരുമായി കരാറിലേർപ്പെട്ടു.

**സൈനുദ്ദീൻ മഖ്ദൂമിന്റെ ഇടപെടൽ**

സാമ്രാജ്യത്വ ശക്തിയുമായി സാമൂതിരി കരാറൊപ്പിട്ടതിന്റെ ഭവിഷ്യത്ത് ആദ്യം തിരിച്ചറിഞ്ഞത് ശൈഖ് സൈനുദ്ദീൻ മഖ്ദൂമായിരുന്നു. പൊന്നാനിയിൽ കേരളത്തിലെ ഒന്നാമത്തെ പള്ളിദർസ് നടത്തുകയായിരുന്നു ശൈഖ് മഖ്ദൂം. കരാറിലടങ്ങയിരിക്കുന്ന വിപത്തിന്റെ ഗൗരവം അദ്ദേഹം സാമൂതിരിയെ അറിയിച്ചു. വരാൻ പോകുന്ന അപകടത്തിന്റെ ആഴം മനസ്സിലാക്കിയ സാമൂതിരി പോരാട്ടത്തിനുള്ള തന്റെ സന്നദ്ധത ശൈഖിനെ അറിയിച്ചു. പോർച്ചുഗീസ് നാവികശക്തിക്ക് മുമ്പിൽ തന്റെ സൈന്യത്തിന്റെ നിസ്സഹായതയും അദ്ദേഹം എടുത്ത് പറഞ്ഞു.

**സാമ്രാജ്യത്വ ശക്തിയുമായി സാമൂതിരി കരാറൊപ്പിട്ടതിന്റെ ഭവിഷ്യത്ത് ആദ്യം തിരിച്ചറിഞ്ഞത് ശൈഖ് സൈനുദ്ദീൻ മഖ്ദൂമായിരുന്നു. പൊന്നാനിയിൽ കേരളത്തിലെ ഒന്നാമത്തെ പള്ളിദർസ് നടത്തുകയായിരുന്നു ശൈഖ് മഖ്ദൂം. കരാറിലടങ്ങയിരിക്കുന്ന വിപത്തിന്റെ ഗൗരവം അദ്ദേഹം സാമൂതിരിയെ അറിയിച്ചു. വരാൻ പോകുന്ന അപകടത്തിന്റെ ആഴം മനസ്സിലാക്കിയ സാമൂതിരി പോരാട്ടത്തിനുള്ള തന്റെ സന്നദ്ധത ശൈഖിനെ അറിയിച്ചു.**

കാലഘട്ടത്തിന്റെ പണ്ഡിത ദൗത്യം ഏറ്റെടുത്ത ആ ജ്ഞാന വൃദ്ധൻ അധിനിവേശശക്തിക്കെതിരെ മുസ്‌ലിംകളോട് ജിഹാദിനാഹ്വാനം ചെയ്തു. മുസ്‌ലിംകളിൽ സമരാത്മകത ഇളക്കിവിടാൻ തന്റെ പ്രസിദ്ധമായ സമരകാവ്യമായ 'തഹ്‌രീദ്' എന്ന ചുരുക്കപേരിലറിയപ്പെടുന്ന تحريض أهل الإيمان على جهاد عبد الصلبان രചിച്ചത് ഈ സന്ദർഭത്തിലാണ്. മലയാള മണ്ണിൽ പിറവികൊണ്ട ആദ്യത്തെ അധിനിവേശ വിരുദ്ധ കൃതിയാണിത്. പ്രസ്തുത കൃതിയുടെ ആയിരക്കണക്കിന് കോപ്പികൾ ശൈഖ് മഖ്ദൂം മുസ്‌ലിം മഹല്ലുകളിൽ സ്വയം നടന്നുവിതരണം ചെയ്യുകയും അവരെ ജിഹാദിന് പ്രേരിപ്പിക്കുകയും ചെയ്തു. അതോടു കൂടി ഒറ്റയായും കൂട്ടമായും മുസ്‌ലിം സമൂഹം സൈനിക സജ്ജീകരണങ്ങളൊരുക്കി പ്രതിരോധത്തിന് മുന്നോട്ട് വന്നു.

കുട്ട്യാലി സഹോദരന്മാരുടെ നേതൃത്വത്തിൽ 1523-ൽ സംഘടിത ചെറുത്ത് നിൽപ്പിന് തുടക്കം കുറിച്ചു. പ്രതിരോധം ശക്തി പ്രാപിച്ചതോടെ സാമൂതിരിയും അദ്ദേഹത്തിന്റെ നായർപ്പടയും പോർച്ചുഗീസുകാർക്കെതിരെ വീണ്ടും രംഗത്ത് വന്നു. നാവിക സൈന്യത്തിന്റെ നേതൃത്വം മുസ്‌ലിംകൾ ഏറ്റെടുത്തു. സൈന്യത്തെ ശക്തിപ്പെടുത്താൻ ഓരോ മുക്കുവ കുടുംബത്തിൽ നിന്നും രണ്ടു പേർ വീതം ഇസ്‌ലാം സ്വീകരിച്ച് കുട്ട്യാലി സഹോദരങ്ങൾക്ക് പിറകിൽ അണിനിരക്കാൻ സാമൂതിരി ഉത്തരവിട്ടു.(3)

അധിനിവേശ ശക്തിയുടെ പീരങ്കിപ്പടക്ക് മുമ്പിൽ ഈ ചെറുത്ത് നിൽപ്പ് സംഘത്തിന് അധികം പിടിച്ച് നിൽക്കാനായില്ല. സാമൂതിരിയുടെ നായർപ്പടക്ക് വീണ്ടും കനത്ത ആൾനാശം നേരിട്ടു. തീരപ്രദേശങ്ങൾ നിരന്തരം ആക്രമണങ്ങൾക്കും കൂട്ടക്കൊലകൾക്കും സാക്ഷിയായി. പ്രതിരോധത്തിനും പ്രത്യാക്രമണത്തിനും പുതിയ തന്ത്രങ്ങളും ആസൂത്രണങ്ങളും വേണ്ടതുണ്ടായിരുന്നു. ശക്തനായൊരു നാവികമേധാവിയെ ആയിരുന്നു അതിനാവശ്യം. കുഞ്ഞാലിമരക്കാരുടെ രംഗപ്രവേശത്തോടെ അതാണ് നികത്തപ്പെട്ടത്.

**കുഞ്ഞാലി മരക്കാരുടെ നേതൃത്വം**

ഹക്കീം അഹ്മ്മദ് മരയ്ക്കാരും സഹോദരൻ കുഞ്ഞാലി മരക്കാരും കൊച്ചിയിലെ സമ്പന്ന വ്യാപാരികളായിരുന്നു. ശൈഖ് മഖ്ദൂമിന്റെ ഫത്‌വയിൽ പ്രചോതിതരായി മരയ്ക്കാർ 1524-ൽ സാമൂതിരിയുടെ നാവിക സേനയുടെ നേതൃത്വം ഏറ്റെടുത്തു. പൊന്നാനി കേന്ദ്രീകരിച്ചായിരുന്നു കുഞ്ഞാലി മരയ്ക്കാരുടെ ചെറുത്ത് നിൽപ്പ് ശ്രമങ്ങൾ. നാവിക സേന പ്രതിരോധത്തിന് സജ്ജരായതോടെ കേരളതീരം ജീവന്മരണ പോരാട്ടമുഖത്തേക്ക് ഉണരുകയായിരുന്നു.

പോർച്ചുഗീസുകാരുടെ സമുദ്രാധിപത്യത്തിന് മരയ്ക്കാർ കനത്ത വെല്ലുവിളി ഉയർത്തി. നിരവധി കൊച്ചു വള്ളങ്ങൾ അണിനിരത്തി മരയ്ക്കാർ നടത്തിയ ഒളിപ്പോരാക്രമണം പോർച്ചുഗീസ് കപ്പലുകളുടെ സ്വൈരവിഹാരത്തിന് നിത്യതലവേദന സമ്മാനിച്ചു. മുന്നറിയിപ്പില്ലാതെയും മിന്നൽ വേഗതയിലും നടത്തുന്ന ആക്രമണങ്ങൾ

ചെറുക്കാനോ അവയുടെ ഉറവിടം കണ്ടെത്താനോ കഴിയാതെ ലോക നാവിക വൻശക്തി വട്ടം കറങ്ങി. ഏത് പോർച്ചുഗീസ് കപ്പലും എപ്പോഴും ആക്രമിക്കപ്പെടാം എന്ന സ്ഥിതി സംജാതമായി. സ്വതന്ത്രമായി കച്ചവടം ആഗ്രഹിക്കുന്നവർക്ക് മരക്കാരുടെ കീഴിലുള്ള നാവികപ്പട സംരക്ഷണവും നൽകി.

തീരദേശങ്ങളിൽ താമസിക്കുന്ന നിരപരാധികളെ കൂട്ടക്കശാപ്പ് ചെയ്തും അവരുടെ വീടുകൾ തകർത്ത് തരിപ്പണമാക്കിയുമാണ് പോർച്ചുഗീസുകാർ കുഞ്ഞാലിയോടുള്ള അരിശം തീർത്തത്. ഓരോ ആക്രമണത്തിനും ഒളിപ്പോരിലൂടെ കുഞ്ഞാലി മരക്കാർ കനത്ത മറുപടി നൽകാൻ തുടങ്ങിയതോടെ പോരാട്ടം രൂക്ഷമായി. 1538-ൽ പോർച്ചുഗീസ് ക്യാപ്റ്റൻ കുഞ്ഞാലിയുടെ ആക്രമണ രീതിയെപ്പറ്റി മേലുദ്യോഗസ്ഥനെ ഇങ്ങനെ അറിയിച്ചു: 'ഒരു തുറമുഖത്തുനിന്നു പുറപ്പെട്ട 150 പേരുള്ള സംഘം കഴിയുന്നത്ര നാശനഷ്ടങ്ങൾ വരുത്തുന്നു. ഞാൻ അവരുടെ പിറകെ പോകുമ്പോൾ മറ്റൊരു സംഘം വേറൊരിടത്തുനിന്നു പുറപ്പെട്ട് മറ്റേതെങ്കിലും സ്ഥലത്ത് നാശനഷ്ടങ്ങളുണ്ടാക്കുന്നു. എനിക്ക് എങ്ങോട്ട് പോകണമെന്ന് തീരുമാനിക്കാനാവുന്നില്ല'(4)

പോരാട്ടം വർഷങ്ങളോളം തുടർന്നു. ഇരുഭാഗത്തും കനത്ത ആൾ നാശമുണ്ടായി. കുഞ്ഞാലിയുടെ മുഴുവൻ പടയാളികളും കപ്പലുകളും നശിച്ച സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. എങ്കിലും ഉയർത്തെണീറ്റ് പുതിയ നാവികപ്പടയുണ്ടാക്കി അചഞ്ചല ധീരതയോടെ അവർ പോരാട്ടം തുടർന്നു. 1540 ആയപ്പോഴേക്കും പോർച്ചുഗീസുകാർക്ക് കുഞ്ഞാലിയുടെ നാവികപ്പട ഒഴികെ മറ്റെങ്ങും എതിർപ്പില്ലാതായി. പക്ഷേ, പോരാട്ടത്തിന് നേതൃത്വം കൊടുത്തിരുന്നവർ ഒന്നിന് പിറകെ ഒന്നായി രക്തസാക്ഷിത്വം വരിച്ചത് പ്രതിരോധത്തിന്റെ ശക്തി കുറയാൻ കാരണമായി.

**കുഞ്ഞാലി മരക്കാരുടെ അന്ത്യം; ചെറുത്തുനിൽപ്പിന്റെയും**

പോരാട്ടഭൂമിയിലേക്ക് കാലെടുത്ത് വെച്ച കുഞ്ഞാലിമരക്കാരാരും ജീവനോടെ പോർച്ചുഗീസുകാർക്ക് കീഴടങ്ങിയില്ല. അവസാന ശ്വാസം വരെ അവർ സാമ്രാജ്യത്വ ശക്തിയോട് പോരാടി. 1535-ലെ പറവണ്ണ ആക്രമണത്തിൽ കുട്ടി ഇബ്രാഹീം മരയ്ക്കാരും 1538 ലെ നെല്ലും പള്ളി പോരാട്ടത്തിൽ അലി ഇബ്രാഹീം മരയ്ക്കാരും 1539 ൽ ശ്രിലങ്കയിൽ ഹക്കീം അഹമ്മദ് മരയ്ക്കാരും ധീരരക്തസാക്ഷിത്വം വരിച്ചു.

1594-ൽ കുഞ്ഞാലി നാലാമനെന്ന പേരിൽ മുഹമ്മദ് മരക്കാർ നാവികസേന മേധാവിയായി. സാമൂതിരിയുടെ സൈന്യത്തിന് ശക്തിക്ഷയവും കൊട്ടാരത്തിലുള്ള ഉപജാപസംഘങ്ങൾ ശക്തിയാർജിക്കുകയും ചെയ്ത കാലമായിരുന്നു അത്. കുഞ്ഞാലിയെയും സാമൂതിരിയെയും പരസ്പരമകറ്റാൻ പോർച്ചുഗീസ് ചാരന്മാർ പതിനെട്ടടവും പയറ്റി. ഈ സന്ദർഭത്തിൽ സംഭവിക്കാൻ പാടില്ലാത്ത ചില വീഴ്ചകൾ കുഞ്ഞാലി നാലാമന്റെ ഭാഗത്ത് നിന്നുണ്ടായി. അതിന്റെ കാരണം കൃത്യമായി ചരിത്രകാ



കുഞ്ഞാലി മരക്കാർ




വാസ്കോഡ ഗാമ

രന്മാർക്കും വ്യക്തമായിട്ടില്ല. സാമൂതിരിയുടെ ആനയുടെ വാലും ഒരു നായർ പ്രമാണിയുടെ കുടുമയും കുഞ്ഞാലിമുറിച്ചതായിരുന്നു പ്രശ്നത്തിന്റെ തുടക്കം. സന്ദർഭം കാത്തു കിടന്ന ശത്രുക്കൾ അവസരം ശരിക്കും ഉപയോഗപ്പെടുത്തി. അതോടെ സാമൂതിരി കുഞ്ഞാലിയോടുള്ള സകല ബന്ധവും വിഛേദിച്ചു. 1599 ൽ പോർച്ചുഗീസുകാരുമായി സാമൂതിരി വീണ്ടും സന്ധിയായി.

പോർച്ചുഗീസുകാർ കുഞ്ഞാലിക്കെതിരെ കുതന്ത്രങ്ങൾ ആസൂത്രണം ചെയ്തു. സാമൂതിരിയുമായി ഒരുമിച്ച് കുഞ്ഞാലിയെ ആക്രമിക്കാൻ പോർച്ചുഗീസുകാർ പ്ലാനിട്ടു. ഒരു നിമിഷത്തിന്റെ മാനുഷികമായ വീഴ്ചയിൽ ഒരു ദേശത്തിന്റെ സാമ്രാജ്യത്വ വിരുദ്ധ മുന്നേറ്റത്തിന്റെ ഗതി തകിടം മറിഞ്ഞു. കടലിൽ നിന്ന് പോർച്ചുഗീസുകാരും കരയിലൂടെ സാമൂതിരിയും കുഞ്ഞാലിയെ ആക്രമിക്കാൻ തീരുമാനിച്ചു. 1599 മാർച്ച് 15 ന് ആക്രമണം ആരംഭിച്ചു. ആദ്യ ഏറ്റുമുട്ടലിൽ തന്നെ കുഞ്ഞാലിയുടെ തിരിച്ചടിയേറ്റ് എണ്ണൂറ് പോർച്ചുഗീസുകാർ കൊല്ലപ്പെട്ടു. തുടർന്ന് സാമൂതിരിയും പോർച്ചുഗീസുകാരും സംയുക്തമായി നടത്തിയ ഒരു നിക്കത്തിൽ കുഞ്ഞാലിയുടെ കോട്ട ഇരു സൈന്യവും വളഞ്ഞു.

കേരള പോരാട്ട ചരിത്രത്തിലെ പൊറുക്കാനാവാത്ത കൊടും വഞ്ചനയാണ് തുടർന്ന് സംഭവിച്ചത്. അവസാന ശ്വാസം വരെ അധിനിവേശ സേനയോട് പോരാടാനൊരുങ്ങിയ കുഞ്ഞാലിയോട് സാമൂതിരി കീഴടങ്ങാൻ ആവശ്യപ്പെട്ടു. കുഞ്ഞാലിക്കും കൂടെയുള്ളവർക്കും പൂർണ സംരക്ഷണം സാമൂതിരി ഉറപ്പ് നൽകി. പോർച്ചുഗീസുകാർക്ക് മുമ്പിൽ ഒരിക്കലും അടിയറവ് പറയില്ലെന്നും സാമൂതിരിക്ക് മുമ്പിൽ മാത്രമേ കീഴടങ്ങൂവെന്നും കുഞ്ഞാലി ഉപാധിവെച്ചു. അത് അംഗീകരിച്ചതോടെ 1600 മാർച്ച് 16 ന് കുഞ്ഞാലി സാമൂതിരിയുടെ മുമ്പിൽ വാളു വെച്ച് കീഴടങ്ങി. ഉടനെ തന്നെ പോർച്ചുഗീസുകാരുമായുള്ള രഹസ്യ കരാറിന്റെ അടിസ്ഥാനത്തിൽ സാമൂതിരി കുഞ്ഞാലിയെയും അദ്ദേഹത്തിന്റെ നാൽപത് ധീരസേനാനികളെയും പോർച്ചുഗീസുകാർക്ക് കൈമാറി. സ്വന്തം സൈന്യമായ നായർപ്പടയിലെ ഒരു വിഭാഗത്തിന്റെ ശക്ത




മായ എതിർപ്പ് പോലും സാമൂതിരിയെ ആ കൊടിയ ചതിയിൽ നിന്ന് പിന്തിരിപ്പിച്ചില്ല. സാമ്രാജ്യത്വ ശക്തിയോട് പോരാടി മരിക്കാനുള്ള കുഞ്ഞാലിയുടെ അന്ത്യാഭിലാഷമാണ് അതുവഴി തകർന്നത്.

കുഞ്ഞാലിയുടെയും അദ്ദേഹത്തിന്റെ നാൽപത് ധീരസേനാനികളുടെയും ശരീരങ്ങൾ പോർച്ചുഗീസുകാർ തുണ്ടം തുണ്ടമായരിഞ്ഞു കടലിൽ വിതറി. കുഞ്ഞാലിയുടെ തലവെട്ടി ഉപ്പിട്ട്, കുന്തത്തിൽ കുത്തി കണ്ണൂരിലെ പൊതു സ്ഥലത്ത് വെച്ചു.(5) മരിച്ചു കഴിഞ്ഞിട്ടും ആ ശരീരത്തോടുള്ള പകയും ഭയവും അധിനിവേശ ശക്തികൾക്ക് വിട്ടുമാറിയിരുന്നില്ല. 1500ൽ കബ്രാൾ കോഴിക്കോട് ആക്രമിച്ചപ്പോൾ നമ്മുടെ നാവികപ്പട തുടങ്ങിയ ചെറുത്ത് നിൽപ്പ് 1600-ൽ കുഞ്ഞാലി നാലാമന്റെ രക്തസാക്ഷിത്വത്തോടെ അവസാനിച്ചു. ഒ.കെ നമ്പ്യാർ ഇന്ത്യൻ നാവിക മഹിമയുടെ അന്ത്യമായാണ് കുഞ്ഞാലി മരക്കാരുടെ അന്ത്യത്തെപറ്റി എഴുതിയത്: 'കുഞ്ഞാലിയുടെ മരണം ഇന്ത്യയുടെ നാവിക മഹിമയുടെ അന്ത്യമാണ്. ഒപ്പം, കോട്ടയ്ക്കലിന്റെയും കോഴിക്കോടിന്റെ തന്നെയും പ്രശസ്തിയുടെയും അഭിമാനത്തിന്റെയും'(6)

കുഞ്ഞാലിയുടെ മരണത്തിന് ശേഷം മാസങ്ങൾ കഴിഞ്ഞില്ല സാമൂതിരിയെയും ധിക്കരിച്ച് പോർച്ചുഗീസുകാർ വിപണിയിലെ വിപണനം കുത്തകവത്കരിച്ചു. സമുദ്രത്തിലിറങ്ങുന്ന എല്ലാ കപ്പലുകളും പോർച്ചുഗീസ് പതാക നാട്ടണമെന്ന് നിയമം വൈകാതെ പ്രാബല്യത്തിൽ വന്നു. പ്രതിഷേധിക്കാനോ പ്രതികരിക്കാനോ ഒരു കുഞ്ഞാലി അവശേഷിക്കാത്തതിനാൽ കേരള തീരത്ത് പോർച്ചുഗീസ് അധിനിവേശം അതോടെ പൂർത്തിയായി.

**ബ്രിട്ടീഷ് അധിനിവേശം**

പോർച്ചുഗീസുകാർക്ക് പിറകെ ഡച്ചുകാരും ഫ്രഞ്ചുകാരും കേരളതീരത്തെത്തി. വെല്ലുവിളിക്കപ്പെടുന്ന ഒരു പ്രതിരോധ നിരയും ഇവിടെ ഇല്ലാത്തതിനാൽ ആധിപത്യത്തിന് വേണ്ടി അവർ പരസ്പരം പോരടിക്കുന്നതാണ് കേരളം കണ്ടത്. ഒരു ശത്രുവിൽ നിന്ന് രക്ഷനേടാൻ മറ്റൊരു ശത്രുവിന്റെ കൂടെ നിന്ന് പൊരുതേണ്ട ഗതികേടിലേക്ക് സാമൂതിരി എത്തി. അന്തിമവിജയം നേടുന്നവർ എന്നും സാമൂതിരിയെ ധിക്കരിച്ചു പോന്നു. ഫ്രഞ്ചിനും ഡച്ചിനും പിറകെ ബ്രിട്ടീഷ്കാർ വന്നപ്പോൾ മലബാർ മൈസൂർ ഭരണത്തിൽ കീഴിലായിരുന്നു. ടിപ്പുവിന്റെ ശക്തമായ സാന്നിധ്യമുള്ളതിനാൽ മലബാർ കീഴടക്കാനവർക്കായില്ല.

ഇരകൊണ്ട് ഇരയെ പിടിക്കുന്നതിൽ ബ്രിട്ടീഷ്കാർ അന്നേ സമർത്ഥരായിരുന്നു. മൈസൂർ ഭരണത്തെ എതിർക്കുന്ന നാട്ടുരാജാക്കന്മാരുടെയും നായർ നമ്പൂതിരിമാരുടെയും സഹായത്തോടെ അവർ ടിപ്പുവിനെ എതിരിട്ടു. ആദ്യം കനത്ത പരാജയങ്ങൾ ഏറ്റ് വാങ്ങിയെങ്കിലും ബ്രിട്ടീഷ് കുതന്ത്രങ്ങൾ ഒടുവിൽ വിജയം കണ്ടു. മലബാർ വീണ്ടും അധിനിവേശത്തിന്റെ കീഴിലമർന്നു.

അധിനിവേശ വിരുദ്ധ പോരാട്ട പൈതൃകമുള്ള ഒരു മതസമൂഹത്തിന്റെ സാന്നിധ്യം ബ്രിട്ടീഷുകാരെ അലോസരപ്പെടുത്തി. ഭയത്തിന്റെയും സംശയത്തിന്റെയും കണ്ണിലൂടെയാണ് അവർ മുസ്‌ലിം സമൂഹത്തെ നോക്കിക്കണ്ടത്. മതസ്പർദ്ദ ഉപയോഗപ്പെടുത്തി ഈ സമൂഹത്തിൽ നിന്ന് ഉയർന്ന് വന്നേക്കാവുന്ന പ്രതിരോധ സ്വരത്തെ മുളയിലെ നുള്ളിക്കളയാൻ ബ്രിട്ടീഷ്കാർ പദ്ധതികൾ ആസൂത്രണം ചെയ്തു. അതിനുള്ള ആദ്യപടിയായി ടിപ്പു സുൽത്താൻ നടപ്പാക്കിയ ഭൂപരിഷ്കരണങ്ങൾ അവർ റദ്ദാക്കി. ഭൂരിപക്ഷം വരുന്ന മാപ്പിള കർഷകരുടെതടക്കമുള്ള ഭൂമിയുടെ കുത്തകാവകാശം ഹിന്ദുജന്മിമാർക്ക് തിരിച്ച് നൽകി. നികുതി ഇരട്ടിയായി വർധിപ്പിച്ചു. അതുകൊടുക്കാൻ കഴിയാത്ത കർഷകന്റെ ഭൂമി പിടിച്ചെടുക്കാനുള്ള അവകാശം ജന്മിമാർക്ക് നൽകി. നികുതിഭാരം കർഷകന് താങ്ങുന്നതിലും അപ്പുറമായിരുന്നു. മലബാറിന്റെ ചരിത്രകാരൻ കെ.എൻ പണിക്കർ എഴുതുന്നു: 'പാട്ടത്തിന്റെ 60 ശതമാനം നികുതിയായി സർകാർ നിശ്ചയിച്ചു. എന്നിട്ട് നികുതി രൂപയായി പിരിച്ചെടുക്കുവാൻ വിളകൾക്ക് തോന്നിയ വിധം വിലയിട്ടു. കർഷകന്റെ വിളവു മുഴുവൻ വിറ്റാലും നികുതി കൊടുത്തു തീർക്കാൻ സാധിക്കാതെയായി. നികുതി കൂടാതെ കൃഷിച്ചെലവും കർഷകൻ വഹിക്കേണ്ടിയിരുന്നു. നിശ്ചയിച്ച പാട്ടം കൂടാതെ ഓണത്തിനും വിഷുവിനും ജന്മിയുടെ വീട്ടിലെ മംഗളകർമ്മങ്ങൾക്കും മരണത്തിനും സദ്യകൾക്കുമെല്ലാം വേണ്ട സാധനങ്ങൾ കുടിയാൻമാർ കൊടുക്കണം. അതോടെ കർഷകർ ദാരിദ്ര്യത്തിലാണ്ടു'(7)

മുസ്‌ലിം മാപ്പിള കർഷകരിൽ നിന്ന് ഭാവിയിൽ ഉയർന്ന് വന്നേക്കാവുന്ന സാമ്രാജ്യത്വ വിരുദ്ധതയെ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ ഇറക്കി വെച്ച് മണ്ണിട്ട് മൂടലായിരുന്നു ബ്രിട്ടീഷ് ലക്ഷ്യം. പക്ഷേ ഏതൊരു നിയമം മൂലം ഈ സമൂഹത്തിന്റെ പോരാട്ട വീര്യത്തെ തല്ലികെടുത്താൻ ശ്രമിച്ചുവോ ആ കരിനിയമങ്ങൾ തന്നെ അവരുടെ സാമ്രാജ്യത്വ വിരുദ്ധതയെ ആളിക്കത്തിച്ചു. അവർ വീണ്ടും പോരാട്ടസജ്ജരായി. മലബാറിലുടനീളം സാമ്രാജ്യത്വ -

ജന്മിത്വ വിരുദ്ധ മാപ്പിള കാർഷിക സമരങ്ങളുടെ വിത്തുകൾ പൊട്ടിമുളച്ച് പടർന്നു പന്തലിക്കാൻ തുടങ്ങി.

**സമരങ്ങളുടെ തുടക്കം.**

പോർച്ചുഗീസുകാർ കേരളത്തിൽ കാലുകുത്താതിരിക്കാൻ ഒരു നൂറ്റാണ്ട് മുഴുവൻ നായന്മാരും മുസ്‌ലിംകളും ഒന്നിച്ചാണ് പോരാടിയത്. മുസ്‌ലിംകൾ അന്ന് തീരപ്രദേശത്തെ സമ്പന്ന വ്യാപാരി സമൂഹമായിരുന്നു. അതിനാൽ ഉൾനാടുകളിൽ പണ്ട് മുതലെ നിലനിന്നിരുന്ന ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള ജന്മി-കർഷക ബന്ധത്തിന് മുസ്‌ലിംകൾ തടസ്സമായിരുന്നില്ല. 16-17 നൂറ്റാണ്ടുകളിലെ പോർച്ചുഗീസ് മർദ്ദനത്തിൽ നിന്നു രക്ഷപ്പെടാൻ മുസ്‌ലിംകൾ ഉൾനാടുകളിലേക്ക് കൂടിയേറിയതോടെ ഈ ജീർണ്ണിച്ച സാമൂഹ്യവ്യവസ്ഥ ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. അത് അന്ന് വരെ നിലനിന്നിരുന്ന നായർ-മുസ്‌ലിം സൗഹാർദ്ദാന്തരീക്ഷത്തെ മാറ്റിമറിച്ചു.

ബ്രിട്ടീഷ് നയങ്ങൾ എരിതീയിൽ എണ്ണ ഒഴിക്കുന്നതിന് തുല്യമായിരുന്നു. ഇടനിലക്കാരായ നായന്മാരുടെ പിടിച്ചുപറിയും അമിത നികുതിയും സമരങ്ങൾ വിളിച്ച് വരുത്തി. ജന്മിമാരുടെ പിന്തുണയോടെ ബ്രിട്ടീഷുകാർ ചെറുത്ത് നിൽപ്പുകളെ അടിച്ചമർത്താൻ തുടങ്ങി. കോടതിയെയും ജഡ്ജിമാരെയും ദുരുപയോഗം ചെയ്ത് മുസ്‌ലിം കർഷകരെ കുടിയൊഴിപ്പിക്കൽ നിർബാധം തുടർന്നു. മുസ്‌ലിം സമൂഹത്തെ അടിച്ചമർത്താനുള്ള ഈ ബ്രിട്ടീഷ് ഗൂഢാലോചനയെപ്പറ്റി മിസ്റ്റർ വുഡ് എഴുതുന്നു: 'അമിത കാർഷിക നികുതിയെ എതിർത്ത മുസ്‌ലിംകളെ ശത്രുക്കളായാണ് ബ്രിട്ടീഷുകാർ കണ്ടത്. പോർച്ചുഗീസുകാർക്ക് ശേഷം ശക്തമായ മറ്റൊരു വിദേശ കോയ്മക്ക് മുന്നിലും അങ്ങനെ അവർ ശത്രുക്കളായി. ജന്മിമാർക്ക് പാട്ടക്കാരെ ഭൂമിയിൽ നിന്ന് ഒഴിപ്പിക്കാൻ അധികാരം കിട്ടി. കോടതിയും ഉദ്യോഗസ്ഥരും കുടിയൊഴിപ്പിക്കലിനനുകൂലമായി വിധികൾ നൽകി. ടിപ്പുസുൽത്താന്റെ മരണത്തോടെ മലബാറിലെ എതിർപ്പുകൾ നിശ്ശേഷം തുടച്ച് മാറ്റുകയായിരുന്നു ബ്രിട്ടീഷ് ലക്ഷ്യം'(8)

ബ്രിട്ടീഷ് മേൽക്കോയ്മക്കും ജന്മിത്വവ്യവസ്ഥക്കുമെതിരായ സംഘടിത സമരങ്ങൾ മലബാറിൽ ശക്തമാക്കാനേ ഈ അടിച്ചമർത്തൽ ഉപകരിച്ചുള്ളൂ. ഒരു നൂറ്റാണ്ടിലേറെ മലബാറിൽ കത്തിപ്പടർന്ന ഈ അധിനിവേശ വിരുദ്ധ സമരങ്ങൾ 1921 ലെ പ്രസിദ്ധമായ പോരാട്ടത്തിലാണ് അവസാനിച്ചത്. ഇതിനിടയിൽ കലാപങ്ങളില്ലാത്ത ഒറ്റവർഷവും മലബാറിൽ കഴിഞ്ഞ് പോയിട്ടില്ലെന്നാണ് 1840 മുതൽ 1855 വരെ മലബാർ കലക്ടറായിരുന്ന എം.വി കൊണോലി അഭിപ്രായപ്പെട്ടത്.(9)

**പണ്ഡിതരുടെ പങ്ക്**

പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് വിരുദ്ധ സമരപോരാട്ടങ്ങളുടെ രണ്ട് ഊർജ്ജ കേന്ദ്രങ്ങളായിരുന്നു വെളിയങ്കോട്ടെ ഉമർഖാദിയും മമ്പുറത്തെ സയ്യിദ് അലവി തങ്ങളും. പണ്ഡിതനും പോരാളിയുമായ ഉമർഖാദി കടുത്ത ബ്രിട്ടീഷ് വിരോധിയായിരുന്നു. അധിനിവേശ ശക്തിയുടെ നീതി നിഷേധത്തിനെതിരെ നികുതി നിഷേധിച്ച് നിസ്സഹകരിക്കാൻ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. അല്ലാഹുവിന്റെ ഭൂമിയിൽ ബ്രിട്ടീഷ്കാർക്ക് നികുതി നൽകില്ലെന്ന് പ്രഖ്യാപിച്ച് സ്വയം നികുതി നിഷേധിച്ച് ഉമർഖാദി സമരത്തിന് മുന്നിട്ടിറങ്ങി. ദേശീയ പ്രസ്ഥാനം നികുതി നിഷേധം സമരായുധമായി തെരഞ്ഞെടുക്കുന്നതിന്റെ ഒരു നൂറ്റാണ്ട് മുമ്പാണ് ഈ മുസ്‌ലിം പണ്ഡിതന്റെ നിസ്സഹകരണ സമരപ്രഖ്യാപനം. നികുതി നിഷേധം വ്യാപിച്ചതോടെ ബ്രിട്ടീഷ്കാർ ഉമർഖാദിയെ അറസ്റ്റ് ചെയ്തു ജയിലിലടച്ചു.

**ഇന്ത്യയൊന്നടങ്കം ചോദ്യം ചെയ്യപ്പെടാതെ അടക്കിഭരിച്ച് കൊണ്ടിരുന്ന അധിനിവേശ ശക്തിയെ ആറ് മാസത്തോളം മലബാറിൽ കാലുകുത്താൻ സ്വാതന്ത്ര്യസമരപോരാളികൾ സമ്മതിച്ചില്ല. ഒടുവിൽ സർവ്വായുധരായ സൈന്യവും ക്രൂരരായ ഗൂർഖാ പട്ടാളവും ഇറങ്ങി നരനായാട്ട് നടത്തിയാണ് മലബാർ ബ്രിട്ടീഷ്കാർ പിടിച്ചെടുത്തത്. മാസങ്ങളോളം നീണ്ടുനിന്ന നരവേട്ടയിൽ പതിനായിരത്തിലേറെ മാപ്പിളമാർ കൊല്ലപ്പെട്ടു. അമ്പതിനായിരത്തോളം പേരെ തടവ് ശിക്ഷക്ക് വിധിച്ചു. ഇരുപതിനായിരം പേരെ നാട് കടത്തി. കുടിലുകളും വീടുകളും ഇടിച്ചുനിരത്തി. വംശീയ ഉന്മൂലനമായിരുന്നു ബ്രിട്ടീഷ് ലക്ഷ്യം. സ്വാതന്ത്ര്യ സമരപോരാട്ടത്തിനിറങ്ങിയ ഒരു സമൂഹത്തിന് ഒന്നടങ്കം അവർ ശിക്ഷവിധിക്കുകയായിരുന്നു.**

മമ്പുറം സയ്യിദ് അലവി തങ്ങൾ 1750-ൽ അറേബ്യയിലാണ് ജനിച്ചത്. അമ്മാവൻ സയ്യിദ് ഹസൻ ജിഫ്രി തങ്ങളോടൊത്ത് താമസിക്കാൻ 1767ൽ കേരളത്തിൽ വന്നു. ജന്മിത്വത്തിനെതിരെ കർഷകരോടൊപ്പം നിലയുറപ്പിച്ച തങ്ങൾ ബ്രിട്ടീഷ് മർദ്ദക വാഴ്ചയോട് നിസ്സഹകരിക്കാനും പോരാടാനും ആഹ്വാനം ചെയ്തു. മുസ്‌ലിംകളെ ജിഹാദിന് പ്രേരിപ്പിച്ച് കൊണ്ട് തന്റെ പ്രസിദ്ധ സമരകൃതി سيف البتار على من يوالي الكفار രചിച്ചു. മുസ്‌ലിം മഹല്ലുകൾ തോറും ഈ കൃതി പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം മുന്നിട്ടിറങ്ങി. 1843ലെ പ്രസിദ്ധമായ 'ചേറൂർപ്പട' നടന്നത് ഈ കൃതി ഇറങ്ങിയതിന് ശേഷമാണ്. അലവി തങ്ങളാണ് പ്രസ്തുത സമരത്തിന് നേതൃത്വം കൊടുത്തതെന്നും അതിൽ വെടിയേറ്റതിലുണ്ടായ മുറിവ് ഗുരുതരമായാണ് അദ്ദേഹം മരിച്ചതെന്നും ചില ചരിത്രകാരന്മാർക്ക് അഭിപ്രായമുണ്ട്.(10) ഒരു ബ്രിട്ടീഷ് ക്യാപറ്റ നടക്കം നാല് പേർ കൊല്ലപ്പെട്ട ചേറൂർപ്പടയിൽ ഏഴ് മുസ്



മൗലാനാ ഷൗക്കത്തലി



മഹാത്മാ ഗാന്ധി

ലിംകളാണ് പങ്കെടുത്തത്. ഏഴ് പേരും രക്തസാക്ഷിത്വം വരിച്ചു.

സയ്യിദ് അലവിതങ്ങളുടെ മകൻ ഫസൽ പൂക്കോയ തങ്ങളും പിതാവിനെ പോലെ കടുത്ത സാമ്രാജ്യത്വ വിരുദ്ധനായിരുന്നു. 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന ബ്രിട്ടീഷ്തന്ത്രം മനസ്സിലാക്കിയ ഫസൽ പൂക്കോയ തങ്ങൾ ഹിന്ദു-മുസ്‌ലിം ഐക്യത്തിന് വേണ്ടി നിലകൊണ്ടു. മുസ്‌ലിംകളോട് അധിനിവേശ ശക്തികൾക്കെതിരെ ജിഹാദിന് ആഹ്വാനം ചെയ്യുന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായകൃതിയാണ് عدّة الأمراء والحكام لإهانة الكفرة والأصنام. ബ്രിട്ടീഷ്കാർ ഈ കൃതി നിരോധിച്ചു. തങ്ങളെ അറസ്റ്റ് ചെയ്യാൻ നീക്കം നടത്തിയെങ്കിലും മതഭേദമന്യെ ബഹുജനങ്ങൾ എതിർത്തതിനാൽ പിന്മാറി. ഒടുവിൽ 1852-ൽ സൂത്രത്തിൽ ബ്രിട്ടീഷ്കാർ അദ്ദേഹത്തെയും കുടുംബത്തെയും അറേബ്യയിലേക്ക് നാട് കടത്തി.

**പോരാട്ടം ഇരുപതാം നൂറ്റാണ്ടിൽ**

സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടാനോ കർഷകന്റെ അവകാശങ്ങൾക്ക് വേണ്ടി വാദിക്കാനോ പത്തൊമ്പതാം നൂറ്റാണ്ടിൽ മലബാറിൽ സംഘടനകളുണ്ടായിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് കോൺഗ്രസ് പ്രവർത്തനമാരംഭിച്ചത്. ജൻമിമാരുടെയും സമ്പന്നരുടെയും മാത്രം സംഘടനയായിരുന്നു അന്ന് മലബാറിലെ കോൺഗ്രസ്. 1916 ൽ ആനിബസന്റിന്റെ അധ്യക്ഷതയിൽ പാലക്കാട് ചേർന്ന കോൺഗ്രസ് സമ്മേളനം ജന്മിക്ക് ഭൂമിയുടെ മേലുള്ള ജന്മാവകാശം എന്നേയ്ക്കുമുള്ളതാണെന്ന പ്രമേയം പാസാക്കിയത് മാത്രം മതി കോൺഗ്രസിന്റെ അന്നത്തെ സ്ഥിതി മനസ്സിലാക്കാൻ.

ഒന്നാം ലോക മഹായുദ്ധാനന്തരം 'ഖിലാഫത്ത് പ്രശ്നം' ഇന്ത്യയിലൊന്നടങ്കം രാഷ്ട്രീയ വിഷയമായി. 1919 ലെ അമൃതസർ കോൺഗ്രസ് സമ്മേളനം ഖിലാഫത്ത് പ്രശ്നവും ജന്മി-കുടിയാൻ ബന്ധങ്ങളും പ്രവർത്തന വിഷയമാക്കാൻ തീരുമാനിച്ചു. അതോടെ കോൺഗ്രസ് മലബാറിലെ ബഹുജനങ്ങളെയും സ്വാധീനിച്ചുതുടങ്ങി. 1920 ലെ മഞ്ചേരി കോൺഫറൻസും ഖിലാഫത്ത് - കുടിയായ്മ പ്രശ്നങ്ങൾ ചർച്ചക്കെടുത്തു. ഖിലാഫത്ത് പ്രശ്നം തീർത്തില്ലെങ്കിൽ സർക്കാരുമായി നിസ്സഹകരിക്കുമെന്നും കൂടിയായ്മ പ്രശ്നം പരിഹരിക്കാൻ സർക്കാർ നിയമം കൊണ്ടുവരണമെന്നും സമ്മേളനം പ്രമേയം പാസ്സാക്കി. ഇതിൽ പ്രതിഷേധിച്ച് ഒരു കൂട്ടം ജന്മിമാർ സമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോവുകയുണ്ടായി.(11)

മലബാറിൽ ബ്രിട്ടീഷ് വിരുദ്ധ സമരത്തിന് ഈ പ്രമേയം ശക്തിപകർന്നു. 1920 ഓഗസ്റ്റിൽ ഗാന്ധിജിയും മൗലാനാ ശൗക്കത്തലിയും കേരളം സന്ദർശിച്ചു. കോൺഗ്രസും ഖിലാഫത്ത് പ്രസ്ഥാനവും ഒരുമിച്ച് ബ്രിട്ടീഷ്കാർക്കെതിരെ സമരം ചെയ്യാൻ ഈ സന്ദർശനം പ്രേരകമായി. അതോടെ കോൺഗ്രസിന് കീഴിൽ മലബാറിലെ എല്ലാ ഗ്രാമങ്ങളിലും ഖിലാഫത്ത് കമ്മിറ്റികൾ നിലവിൽ വന്നു. അവർ സർക്കാറിനെതിരെ നിസ്സഹകരണ സമരം പ്രഖ്യാപിച്ചു.

മലബാറിലുടനീളം സമരം ജനകീയ സ്വഭാവം കൈവരിച്ചത് ബ്രിട്ടീഷുകാരെ ഭീതിയിലാഴ്ത്തി. അതോടെ അവർ വീണ്ടും വർഗീയ കാർഡ് പുറത്തെടുത്തു. മുസ്‌ലിംകൾക്കെതിരെ ഹിന്ദുജന്മിമാരെ ഇളക്കിവിട്ടു. ഭൂമി ഒഴിപ്പിക്കലും കുടിയിറക്കലും നിത്യസംഭവമായി. ജന്മിമാർക്കെതിരെ അതിശക്തമായ നിലപാടെടുക്കാൻ ഇത് മുസ്‌ലിംകളെ പ്രേരിപ്പിച്ചു.

**1921 ലെ കലാപം**

ബ്രിട്ടീഷ് അധിനിവേശം മലബാറിൽ തുടങ്ങിയത് മുതൽ സാമ്രാജ്യത്വത്തിനെതിരെ പൊട്ടിപ്പുറപ്പെട്ട സമരങ്ങളുടെ അവസാന കണ്ണിയാണ് 1921 ലെ പ്രസിദ്ധമായ മലബാർ കലാപം. 1921 ജൂലൈയിൽ പൂക്കോട്ടൂരിലെ ഖിലാഫത്ത് സെക്രട്ടറിയായിരുന്ന കളത്തിൽ മുഹമ്മദിനെ പോലീസ് അറസ്റ്റ് ചെയ്യാൻ ശ്രമിച്ചതോടെയാണ് പ്രശ്നങ്ങളുടെ തുടക്കം. നിലമ്പൂർ കോവിലകത്തെ കാര്യസ്ഥനായിരുന്ന മുഹമ്മദ് ഖിലാഫത്ത് പ്രസ്ഥാനത്തിൽ ചേർന്നത് തമ്പുരാന് ഇഷ്ടപ്പെട്ടില്ല. മുഹമ്മദിനെ ജോലിയിൽ നിന്ന് പിരിച്ച് വിട്ടശേഷം കോവിലകത്തെ തോക്ക് മോഷ്ടിച്ചുവെന്ന് തമ്പുരാൻ പോലീസിൽ കള്ളക്കേസ് കൊടുത്തു. മുഹമ്മദിനെ അറസ്റ്റ് ചെയ്യാനെത്തിയ പോലീസിനെ സംഭവമറിഞ്ഞു തടിച്ചുകൂടിയ ജനം തിരിച്ചയച്ചു.

ഖിലാഫത്ത് നേതാക്കളെ മുഴുവൻ അറസ്റ്റ് ചെയ്യാൻ ഉത്തരവ് കൊടുത്തുകൊണ്ടാണ് കലക്ടർ തോമസ് സംഭവത്തോട് പ്രതികരിച്ചത്. 1921 ആഗസ്റ്റ് 21 ന് പുലർച്ചക്ക് മുമ്പ് നേതാക്കളെ അറസ്റ് ചെയ്യാൻ സായുധ പോലീസ് തിരൂരങ്ങാടി വളഞ്ഞു. പ്രമുഖ ഖിലാഫത്ത് നേതാക്കളടക്കം പലരെയും പോലീസ് അറസ്റ്റ് ചെയ്തു. അതോടെ ജനമിളകി. അറസ്റ്റ് ചെയ്തവരെ വിട്ട് തരണമെന്നാവശ്യപ്പെട്ട് അവർ പോലീസ് സ്റ്റേഷനിലെത്തി. കലക്ടർ വരുന്നത് വരെ ശാന്തരായിരിക്കാൻ പാലക്കാട് എ.എസ്.പി റൗളി ജനങ്ങളോടാവശ്യപ്പെട്ടു. അതനുസരിച്ച് ശാന്തരായി ഇരിക്കാൻ തുടങ്ങിയ പ്രതിഷേധക്കാർക്ക് നേരെ റൗളി അപ്രതീക്ഷിതമായി വെടിവെക്കാനുത്തരവിട്ടു. പതിനേഴ് പേർ സംഭവസ്ഥലത്ത് മരിച്ചുവീണു.

കുപിതരായ ആൾക്കൂട്ടം കയ്യിൽ കിട്ടിയ കല്ലും

വടിയുമായി പോലീസിനെ ആക്രമിച്ചു. എ.എസ്.പി റൗളി യടക്കം ആറ് പോലീസ് ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടു.

മലബാറിലുടനീളം അതോടെ കലാപം കത്തിപ്പടർന്നു. പലയിടത്തും പോലീസുമായി ഏറ്റുമുട്ടൽ നടന്നു. നിരവധി പേർ രക്തസാക്ഷികളായി. കലാപം തുടങ്ങി ആഴ്ചകൾക്കകം റെയിൽവെ സ്റ്റേഷൻ, ടെലഗ്രാഫ് ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവ ഉൾപ്പെടെ സർക്കാർ സ്ഥാപനങ്ങളെല്ലാം സമരക്കാർ പിടിച്ചെടുത്തു. ബ്രിട്ടീഷ് ഉദ്യോഗസ്ഥരെല്ലാം മലബാർ വിട്ട് ഓടി രക്ഷപ്പെട്ടു. ആലി മുസ്‌ലിയാരുടെയും വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെയും നേതൃത്വത്തിൽ ഖിലാഫത്ത് ഭരണവും നിലവിൽ വന്നു.

ഇന്ത്യയൊന്നടങ്കം ചോദ്യം ചെയ്യപ്പെടാതെ അടക്കിഭരിച്ച് കൊണ്ടിരുന്ന അധിനിവേശ ശക്തിയെ ആറ് മാസത്തോളം മലബാറിൽ കാലുകുത്താൻ സ്വാതന്ത്ര്യ സമരപോരാളികൾ സമ്മതിച്ചില്ല. ഒടുവിൽ സർവ്വായുധരായ സൈന്യവും ക്രൂരരായ ഗൂർഖാ പട്ടാളവും ഇറങ്ങി നരനായാട്ട് നടത്തിയാണ് മലബാർ ബ്രിട്ടീഷ്കാർ പിടിച്ചെടുത്തത്. മാസങ്ങളോളം നീണ്ടുനിന്ന നരവേട്ടയിൽ പതിനായിരത്തിലേറെ മാപ്പിളമാർ കൊല്ലപ്പെട്ടു. അമ്പതിനായിരത്തോളം പേരെ തടവ് ശിക്ഷക്ക് വിധിച്ചു. ഇരുപതിനായിരം പേരെ നാട് കടത്തി. കുടിലുകളും വീടുകളും ഇടിച്ചുനിരത്തി. വംശീയ ഉന്മൂലനമായിരുന്നു ബ്രിട്ടീഷ് ലക്ഷ്യം. സ്വാതന്ത്ര സമരപോരാട്ടത്തിനിറങ്ങിയ ഒരു സമൂഹത്തിന് ഒന്നടങ്കം അവർ ശിക്ഷവിധിക്കുകയായിരുന്നു.

**ഉപസംഹാരം**

അധിനിവേശ ശക്തികൾക്കെതിരെ ഒരു സമൂഹത്തിന്റെ സിന്ധിയില്ലാ സമരപോരാട്ടത്തിന്റെ ഐതിഹാസിക ചരിത്രമാണിത്. സ്വാതന്ത്ര്യത്തിന് വേണ്ടി ഈ സമൂഹം സ്വജീവനടക്കം അവർക്ക് സ്വന്തമായുള്ളതെല്ലാം സമർപ്പിച്ചു. അതോടെ അവർ പിന്നാക്കക്കാരായി. വിദ്യാഭ്യാസവും ഉദ്യോഗ സ്ഥാനമാനങ്ങളും അവർക്ക് ലഭിച്ചില്ല. അത് രണ്ടും കൊളോണിയൽ സർക്കാറിനെ സേവിക്കുന്നവർക്കുള്ളതായിരുന്നു.

സ്വാതന്ത്ര്യത്തിന് ശേഷം വന്ന സർക്കാറുകൾ ഈ സമൂഹത്തെ പിന്നാക്കക്കാരെന്ന് മുദ്രകുത്തി മുഖ്യാധാരയിൽ നിന്ന് അകറ്റിനിർത്തി. അവരുടെ പിന്നാക്കത്തിന്റെ ചരിത്രകാരണങ്ങളെ അവർ മനഃപൂർവ്വം വിസ്മരിച്ചു. ഈ സമൂഹത്തിന് ഭരണഘടന അനുവദിച്ച ആനുകൂല്യങ്ങൾ പോലും വകവെച്ച് തരാൻ അവർ മടികാണിച്ചു. ഇന്നും ഇത് തുടരുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ടും നരേന്ദ്രകമീഷൻ റിപ്പോർട്ടുമെല്ലാം സ്വാതന്ത്ര്യാനന്തര ഭരണകൂട വിവേചനത്തിന്റെ ഔദ്യോഗിക സാക്ഷ്യപത്രങ്ങളാണ്. നവസാമൂഹിക പ്രസ്ഥാനങ്ങളുടെ പഠനത്തിന്റെ ഫലമായി പുറത്തുവന്നുകൊണ്ടിരിക്കുന്ന കണ്ണുതള്ളിപ്പോകുന്ന വിവേചനത്തിന്റെ കണക്കുകൾ കഴിഞ്ഞ അറുപത് വർഷത്തെ ഭരണകൂടങ്ങൾ ബോധപൂർവ്വം നടപ്പിലാക്കിയ നിശബ്ദ മലബാർ വിരുദ്ധ കാമ്പയിനുകളുടെ ഭാഗമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥ



സവർണ മാടമ്പി വർഗവും അവർക്കു കൂട്ടിനുണ്ടായിരുന്നിരിക്കണം. പോരാട്ട പാരമ്പര്യത്തിന്റെ ചരിത്ര വേരുകൾ മുറിച്ചുമാറ്റിയ സമുദായ നേതൃത്വത്തിലുള്ള പുതിയ കാലത്തെ കുഞ്ഞാലിമാർക്ക് വിധേയത്വത്തിന്റെയും സന്ധിയുടെയും 'സമാധാനഭാഷ' മാത്രമേ പരിചയമുള്ളൂ. സന്ധിയും വിധേയത്വവുമുണ്ടാകുന്നത് പലപ്പോഴും വ്യക്തിപരമായ വൻവീഴ്ചയുടെയും അതുവഴി വന്നുചേരുന്ന ഭീരുത്വത്തിന്റെയും ഫലമാണെന്നത് വർത്തമാന യാഥാർഥ്യമാണ്.

സമര ചരിത്ര പൈതൃകമുള്ള ഒരു സമൂഹത്തിന്റെ ഹൃദയങ്ങളിൽ ജ്വലിക്കുന്ന പോരാട്ടവീര്യത്തെ ഊതിക്കെടുത്താൻ അവരെകൊണ്ടൊന്നും സാധ്യമാകില്ലെന്നതാണ് ചരിത്രം നൽകുന്ന പാഠം. അൽപ്പം കാലം അണഞ്ഞെന്നു തോന്നിയാലും അത് വീണ്ടും ആളിക്കത്തും. കാരണം സമുദായത്തിന്റെ പോരാട്ടവീര്യം വിശ്വാസവുമായി ബന്ധപ്പെട്ടതാണ്. വിശ്വാസം നിലനിൽക്കുന്നു. അതിനാൽ പോരാട്ടവും തിരിച്ചുവരും.

**കുറിപ്പുകൾ**


1) പ്രൊഫ. കെ.എം ബഹാവുദ്ദീൻ (കേരള മുസ്‌ലിം പോരാട്ടത്തിന്റെ ചരിത്രം, പേ:45).
2) സൈനുദ്ദീൻ മഖ്ദൂം (തുഹ്ഫത്തുൽ മുജാഹിദീൻ, പേ:60–61).
3) ലോഗൻ (മലബാർ മാന്വൽ, വാള്യം:1, പേ:197).
4) MN. Pearson (Costal Western India, P.33 ഉദ്ധരണി കേരള മുസ്‌ലിം പോരാട്ടചരിത്രം)
5) പ്രൊഫ. കെ.എം ബഹാവുദ്ദീൻ (കേരള മുസ്‌ലിം പോരാട്ടത്തിന്റെ ചരിത്രം, പേ:85).
6) ഒ.കെ നമ്പ്യാർ (The Kunjalis-Admirals of Calicut P:133) ഉദ്ധരണി Ibd
7) കെ.എൻ. പണിക്കർ (Against Lord and State) ഉദ്ധരണി Ibd
8) സി.വുഡ് (Mappila Rebellan and the Gensis P:106) ഉദ്ധരണി Ibd
9) പ്രൊഫ. കെ.എം. ബഹാവുദ്ദീൻ (കേരള മുസ്‌ലിംകൾ പോരാട്ടത്തിന്റെ ചരിത്രം, പേ:142)
10) സി. ഹംസ (പ്രബോധനം സ്പെഷൽ പതിപ്പ് 1998, പേ:38).
11) ഡോ. കെ.എൻ. ഗണേഷ് (കേരള സമൂഹപാഠങ്ങൾ, പേ:175).


■